**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222** **28-02-2023 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി മേഖലയിലെ ശിശുമരണം ആവർത്തിക്കാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശിശുമരണങ്ങൾ എല്ലാംതന്നെ പട്ടികവർഗ്ഗ വികസനവകുപ്പ് ഗൗരവകരമായി കാണുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | 2023 ജനുവരി മാസത്തിൽ പുതുർ പഞ്ചായത്തിലെ ചാളയൂർ ഊരിൽ ഉമപ്രിയ, അപ്പു ദമ്പതികളുടെ കുഞ്ഞ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി പുതൂർ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ ഇരുള സമുദായക്കാരിയായ ശ്രീമതി. ഉമപ്രിയയുടെ പ്രതീക്ഷിത പ്രസവ തീയതി 04-05-2023 ആയിരുന്നു. 7 മാസം ഗർഭിണിയായ ഇവരെ 03-02-2023ന് കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, രക്തസമ്മർദ്ദം കൂടിയതിനെതുടർന്ന് അന്നുതന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും 04-02-2023 ന് സിസേറിയനിലൂടെ കുട്ടിക്ക് ജന്മം നൽകുകയും ചെയ്തിരുന്നു. പ്രസവ സമയത്ത് കുഞ്ഞിന് 890 ഗ്രാം തൂക്കം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ കുഞ്ഞിന് വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് ചികിത്സ നൽകിയിരുന്നത്. ചികിത്സയിലിരിക്കെ 08-02-2023 ന് രാത്രി 8 മണിക്ക് കുഞ്ഞ് മരണപ്പെട്ടു. |
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി ഗർഭിണികൾക്കും കുട്ടികൾക്കും മതിയായ ചികിത്സയും പോഷകാഹാരവും ലഭ്യമാക്കാനും ആയത് ഉറപ്പുവരുത്തുവാനും വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| 1. | കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. |
| 2. | ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ച് 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്. |
| 3. | അർഹമായവർക്കെല്ലാം ജനനി-ജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസ ധനസഹായം നൽകിവരികയും, ലഭ്യമാകുന്ന തുക പോഷകാഹാരം വാങ്ങുന്നതിനായി ഉപയോഗിക്കുന്നുണ്ടെന്ന് എസ്.ടി. പ്രൊമോട്ടർമാർ മുഖേന ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |
| 4. | ഫുഡ് സപ്പോർട്ട് പ്രോഗ്രാം പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്ക് പോഷകാഹാര കിറ്റ് നൽകി വരുന്നുണ്ട്. |
| 5. | അട്ടപ്പാടി ഐ.ടി.ഡി.പി-യുടെ കീഴിലുള്ള ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കിയിട്ടുണ്ട്. |
| 6. | അട്ടപ്പാടി ഊരുകളിലെ പട്ടികവർഗ ഗർഭിണികളുടെ വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം നിരീക്ഷിച്ച് വരികയും ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ ആയത് പ്രതിവാര അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. |
| 7. | ഗർഭിണികളുടെ ആരോഗ്യ പരിചരണം കൃത്യമായി ഉറപ്പ് വരുത്തുന്നതിനായി എസ്.ടി പ്രൊമോട്ടർമാർ, ഹെൽത്ത് നേഴ്സുമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർക്ക് ചുമതല നൽകി പ്രവർത്തനം പരിശോധിക്കുന്നതിനായി 3 പഞ്ചായത്തുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| 8. | അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലെ ആരോഗ്യ, പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ |

| | |
|---|---|
| | സാമ്പത്തിക സഹായത്തോടെ Consultant (Tribal Health and Nutrition)-നെ നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 9. | അട്ടപ്പാടി മേഖലയിലെ ഗർഭിണികളിലെ വിളർച്ചാനിർണയം നടത്തുന്നതിന് ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായത്തോടെ ക്യാമ്പ് സംഘടിപ്പിക്കുകയും, വിളർച്ചയുള്ളവരിൽ സിക്കിൾസെൽ അനീമിയ കണ്ടെത്തുന്നതിന് സ്ക്രീനിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| 10. | പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അട്ടപ്പാടി എം.ആർ.എസ്-ലെ വിദ്യാർത്ഥികളിലെ വിളർച്ചാ നിർണയം പൂർത്തിയാക്കിയിട്ടുണ്ട്. ഇവരിൽ സിക്കിൾസെൽ നിർണയം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കി. |
| 11. | അട്ടപ്പാടിയിലെ പി.വി.ടി.ജി ഊരുകൾ കേന്ദ്രീകരിച്ച് ഇവരുടെ ആരോഗ്യ കാര്യങ്ങളിൽ നിരന്തരം ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും പ്രത്യേക മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുകയും മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ